**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3700** **02-03-2023 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ ബോട്ട് ജെട്ടി ടെർമിനൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള മാഹി പുഴയുടെ ഇടത് കരയിൽ എടച്ചേരി പഞ്ചായത്തിലുള്ള കച്ചേരിയിലെ ബോട്ട് ജെട്ടി ടെർമിനൽ നിർമ്മാണത്തിന് സാങ്കേതിക അംഗീകാരം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കച്ചേരിയിലെ ബോട്ട് ടെർമിനൽ നിർമ്മാണ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി ലഭിച്ച് ടെണ്ടർ നടപടികൾ ആരംഭിച്ച ഘട്ടത്തിലാണ് എല്ലാ പ്രവൃത്തികളുടെ എസ്റ്റിമേറ്റിനും DSR 2018 പ്രകാരമുള്ള നിരക്കും 36.44% കോസ്റ്റ് ഇൻഡക്സും ബാധകമാക്കി നിരക്കുകൾ പരിഷ്കരിച്ചുകൊണ്ടുള്ള ഉത്തരവ് പ്രാബല്യത്തിൽ വന്നത്. ഇതേ തുടർന്ന് മേൽ പ്രവൃത്തിയുടെ നിലവിലുള്ള സാങ്കേതികാനുമതി റദ്ദാക്കി പുതുക്കിയ നിരക്കുകൾ പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ അത് നിലവിലെ ഭരണാനുമതി തുകയെക്കാൾ 17 ലക്ഷം രൂപ കൂടുതലായതിനാൽ ഭരണാനുമതിയും പുതുക്കേണ്ടതുണ്ട്. പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പ്രവൃത്തി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ